

# ഉയരുന്ന വിലയും തകരുന്ന പ്രതീക്ഷകളും

>> ലേഖനം

• മുഹമ്മദ് പാലത്ത്

**കഴിഞ്ഞ** ഏതാനും ആഴ്ചകളായി കേന്ദ്രത്തിലെ പ്രധാന വകുപ്പുകളിലെ മന്ത്രിമാരും ഉദ്യോഗസ്ഥരും തല പുകഞ്ഞാലോചിക്കുന്നത്, രാജ്യത്ത് കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന വിലക്കയറ്റവും പണപ്പെരുപ്പവും എങ്ങനെ പിടിച്ചുനിർത്താം എന്നതിനെക്കുറിച്ചാണ്. പഠിച്ച അടവുകളൊക്കെ ഘട്ടം ഘട്ടമായി പയറ്റിനോക്കിയിട്ടും മൊത്ത വിലനിലവാര സൂചിക ഉയരങ്ങളിലേക്ക് കയറിപ്പോകുന്നത് കണ്ട് അന്ധാളിച്ചുനിൽക്കുകയാണ് വിദഗ്ധർ. വിപണിയധിഷ്ഠിത സമ്പദ്വ്യവസ്ഥയുടെ അനിവാര്യമായ ഘട്ടങ്ങളാണ് ഇതെന്ന സാമ്പത്തികശാസ്ത്രജ്ഞരുടെ നിഗമനങ്ങൾ ഓർമിച്ചെടുത്ത് പരിഹാരമായി അവർ കുറിച്ചിട്ട മരുന്നുകളാണ് പ്രയോഗിച്ചത്. കാലാവസ്ഥാ വ്യതിയാനം കൂടിയായപ്പോൾ ഇടിയേറ്റവനെ പാമ്പ് കടിച്ച പോലെയായി കാര്യങ്ങൾ. വളർച്ചയുടെയും വികാസത്തിന്റെയും വിടുവായത്തക്കാരെ ഇപ്പോൾ എങ്ങും കാണാനില്ല. പണം കൈയിലുണ്ടായിട്ടും ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ക്യൂ നിൽക്കേണ്ടിവന്ന നാൽപതുകളിലെ ഗതികേടിലേക്ക് നാം നീങ്ങിക്കൊണ്ടിരിക്കുന്നു.

കേന്ദ്ര സർക്കാറിന്റെ ഉദാരീകരണ നയങ്ങളാണ് ഈ അവസ്ഥയിലേക്ക് രാജ്യത്തെ എത്തിച്ചതെന്നും, പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്താൻ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചാൽ തീരാവുന്ന പ്രശ്നമേ രാജ്യത്തുള്ളൂ എന്നുമാണ് സംസ്ഥാനം ഭരിക്കുന്ന മുന്നണി വിശദീകരിച്ചുകൊണ്ടേയിരിക്കുന്നത്. എങ്കിൽ പിന്നെ രാജ്യത്ത് ഭക്ഷ്യധാന്യങ്ങൾ സമൃദ്ധമായ സംസ്ഥാനങ്ങളിലും ചൈനയടക്കമുള്ള പ്രമുഖ രാഷ്ട്രങ്ങളിലും പണപ്പെരുപ്പ നിരക്ക് ഉയരാൻ കാരണമെന്തെന്ന് ചോദിക്കരുത്. വിലക്കയറ്റം ആഗോള പ്രതിഭാസമാണെന്നും മിക്ക രാജ്യങ്ങളും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ ഭക്ഷ്യക്കമ്മി അനുഭവിക്കുന്നുണ്ടെന്നുമാണ് കേന്ദ്രം ഭരിക്കുന്ന മുന്നണിയുടെ വിശദീകരണം (ഈ വിശദീകരണങ്ങൾക്കും ഇടതുമുന്നണിയുടെ പിന്തുണയുണ്ട്). അതിനാൽ പണപ്പെരുപ്പത്തിൽനിന്ന് രക്ഷപ്പെടാൻ തങ്ങളുടെ അടുത്ത് മാന്ത്രിക വടിയൊന്നുമില്ലെന്നാണ് ഒരു മന്ത്രി വാചാലനായിരിക്കുന്നത്. മറ്റു രാജ്യങ്ങളിലെ പണപ്പെരുപ്പത്തിന്റെ കണക്ക് നിരത്തി, ഇന്ത്യയുടെ സ്ഥാനം അത്ര മുന്നിലൊന്നുമല്ലെന്ന് അദ്ദേഹം ആശ്വസിപ്പിക്കുകയും ചെയ്തു. മറ്റുള്ളവർ മുഴുപട്ടിണി കിടന്നാൽ നമ്മളും അരപ്പട്ടിണിയെങ്കിലും കിടക്കണമെന്നാവും അദ്ദേഹം ഉദ്ദേശിച്ചത്. നവ ഉദാരീകൃത സമ്പദ്വ്യവസ്ഥയുടെ കാലത്ത് പട്ടിണിയും നിയന്ത്രണങ്ങളില്ലാതെ എല്ലാ രാജ്യത്തും കടന്നു ചെല്ലണമല്ലോ. സാമ്പത്തിക വളർച്ചാ നിരക്കും ഓഹരി വില സൂചികയും ഉയരങ്ങളിലേക്ക് പോവുമ്പോൾ, അത് സാധാരണക്കാരന് ഏൽപിക്കുന്ന ആഘാതത്തിന്റെ വ്യാപ്തി എത്രയെന്ന് സ്വതന്ത്രമായി പഠിക്കാനോ അറിവുള്ളവരുടെ പ്രവചനങ്ങളും കണ്ടെത്തലുകളും അംഗീകരിക്കാനോ നമ്മുടെ ഭരണാധികാരികൾ ഇനിയും തയാറായിട്ടില്ല. അല്ലെങ്കിലും പ്രധാനമന്ത്രി മുതൽ താഴേക്ക് ലോകബാങ്കിന്റെയും ഐ.എം.എഫിന്റെയും മുൻ ഉദ്യോഗസ്ഥർ നിയന്ത്രിക്കുന്ന ഒരു ധനകാര്യ മാനേജ്മെന്റിൽനിന്ന് അതൊന്നും പ്രതീക്ഷിക്കുന്നതിൽ അർഥമില്ല.

## പണപ്പെരുപ്പവും ഊഹക്കച്ചവടവും

ഉൽപന്നത്തിന്റെ തോതിനേക്കാൾ പണത്തിന്റെ അളവ് വർധിക്കുന്നതാണ് പണപ്പെരുപ്പം. പണത്തിന്റെ അളവിലുള്ള വർധന ചോദനത്തെ (demand) ഉയർത്തുകയും ഉൽപന്നങ്ങളുടെ പ്രദാന (supply)ത്തേക്കാൾ ചോദനം വർധിക്കുന്നത് വിലക്കയറ്റം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് പണത്തിന്റെ മൂല്യം കുറയുന്നതിന് കാരണമാവുന്നു. മറ്റു കാരണങ്ങൾ കൊണ്ടും വിലക്കയറ്റമുണ്ടാവാം. ഉദാഹരണത്തിന് ഉൽപാദനച്ചെലവ് കൂടുന്നത് വിലക്കയറ്റം സൃഷ്ടിക്കും. എന്നാൽ ഉൽപാദനച്ചെലവിലുള്ള വർധനക്കനുസരിച്ച് വരുമാനവർധന ഉണ്ടാവുന്നതിനാൽ അത് അപകടകരമാവാറില്ല.

ഇക്കഴിഞ്ഞ മാസങ്ങളിൽ നമ്മുടെ ഓഹരികളുടെ മൂല്യം കുത്തനെ ഉയർന്നുകൊണ്ടിരുന്നപ്പോൾ (ഇപ്പോഴും താഴോട്ടല്ല) സാമ്പത്തിക വളർച്ചയാണെന്നാണ് ധനകാര്യ വിദഗ്ധർ ചൂണ്ടിക്കാണിച്ചത്. ഓഹരി വിപണിയിൽ അടിക്കടിയുണ്ടായ കയറ്റം ഉൽപാദന വർധനവോ മൂല്യവർധനവോ കൊണ്ടുണ്ടായതല്ലെന്ന് ഏവരും സമ്മതിക്കും. പ്രമുഖ വിദേശ വിപണികളിൽനിന്ന് വ്യത്യസ്തമായി രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയിൽ ഒരു പ്രതീക്ഷ കൈവന്നപ്പോൾ വിദേശ നിക്ഷേപകരുടെ ഇന്ത്യയിലേക്കുള്ള ഒഴുക്ക് വർധിക്കുകയും തന്മൂലം ഓഹരി വിപണിയിൽ ആവശ്യക്കാരുടെ എണ്ണത്തിലുണ്ടായ വർധന ഈ മേഖലയെ നിയന്ത്രിക്കുന്ന ഊഹക്കച്ചവടക്കാർ മുതലാക്കുകയും ചെയ്തു എന്നതാണ് ശരി. വലിയൊരളവോളം ഊഹക്കച്ചവടം കൊണ്ടു മാത്രമുണ്ടായ വർധന സാമ്പത്തിക വളർച്ചയായി വ്യാഖ്യാനിച്ചവർക്കാണ് തെറ്റുപറ്റിയത്. ഉൽപാദന വർധനവോ മൂല്യവർധനവോ സംഭവിക്കാതെയുള്ള ഊതിപ്പെരുപ്പിച്ച വളർച്ചയാണ് പണപ്പെരുപ്പത്തിന്റെ അടിസ്ഥാന കാരണം. കുമിളകളുടെ മുകളിൽ കൊട്ടാരം പണിയാനിറങ്ങിയവർക്ക് കിട്ടുന്ന അനിവാര്യമായ തിരിച്ചടിയാണ് പണപ്പെരുപ്പം.

എന്തിന് ഓഹരി വിപണിയെ മാത്രം കുറ്റപ്പെടുത്തണം? മിക്ക മേഖലയെയും നിയന്ത്രിക്കുന്നത് ഊഹക്കച്ചവടക്കാരും രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥവൃന്ദവും ചേർന്ന മാഫിയകൾ തന്നെയല്ലേ. മേലനങ്ങി പണിയെടുത്ത് പത്ത് കാശുണ്ടാക്കുന്ന എത്ര പേരുണ്ട്? എല്ലാവരും ശ്രമിക്കുന്നത് കുറുക്കുവഴികളിലൂടെ പണമുണ്ടാക്കാനാണ്. രാജ്യത്തിന്റെ പ്രമുഖ നഗരങ്ങളിലും സമീപ പ്രദേശങ്ങളിലും ഭൂമിയുടെയും വസ്തുവിന്റെയും വില കഴിഞ്ഞ രണ്ടു വർഷത്തിനിടെ നാലിരട്ടിയിലധികം വർധിച്ചു. നാലു കാശുള്ളവരൊക്കെ അതുമായി റിയൽ എസ്റ്റേറ്റ് (അഥവാ ഊഹക്കച്ചവടം) കച്ചവടത്തിനിറങ്ങിയിരിക്കുകയാണ്. രാവിലെ ലക്ഷം രൂപക്ക് കച്ചവടം ചെയ്ത് ആയിരം രൂപ അഡ്വാൻസ് നൽകിയ വസ്തു വൈകുന്നേരമോ അതല്ലെങ്കിൽ ദിവസങ്ങൾക്കുള്ളിലോ രണ്ട് ലക്ഷത്തിന് മറിച്ചു വിൽക്കുന്നു. മണിക്കൂറുകൾക്കുള്ളിൽ ലാഭം നിക്ഷേപത്തിന്റെ നൂറിരട്ടി. വിലയിലുണ്ടായ ഈ വർധന മൂല്യവർധന കൊണ്ടുണ്ടായതാണെന്ന് ആരും വിശദീകരിക്കാറില്ല. യഥാർഥത്തിൽ ഇത്തരം കൈമാറ്റങ്ങളാണ് പണപ്പെരുപ്പത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്. മേലനങ്ങാതെ, ഉൽപാദന വർധനവോ മൂല്യവർധനവോ ഇല്ലാതെ വൻതോതിൽ പണം വന്നുചേരുമ്പോഴാണ് പണപ്പെരുപ്പമുണ്ടാവുന്നത്. ഇതിനെ ജീവിത നിലവാര സൂചികയുടെയും വളർച്ചയുടെയും അടയാളങ്ങളായി കണ്ട് ആഘോഷിച്ചവർക്കാണ് തെറ്റുപറ്റിയത്.

വിലക്കയറ്റവും പണപ്പെരുപ്പവും മുമ്പും ഉണ്ടായിട്ടുണ്ട്. എന്നാൽ അതിനെ വരുതിയിലാക്കാൻ സർക്കാറിന് അത്ര പ്രയാസപ്പെടേണ്ടിവന്നിരുന്നില്ല. 1990കൾ വരെ വിപണിയിൽ സർക്കാറിന് നേരിട്ട് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ഉദാരീകരണത്തോടെ വിപണിയിൽ സർക്കാറിനുണ്ടായിരുന്ന നിയന്ത്രണങ്ങൾ നീക്കി. നിയന്ത്രണങ്ങൾ വളർച്ചയെ തടഞ്ഞുനിർത്തും എന്നായിരുന്നു ന്യായം. അതിലൊന്നാണ് അവശ്യവസ്തുക്കളുടെ കയറ്റുമതി നിയന്ത്രണത്തിലുണ്ടായിരുന്ന വിലക്ക്. അവശ്യസാധനങ്ങളുടെ കയറ്റുമതി നിയന്ത്രണം നീക്കിയതോടെ അവ ധാരാളമായി വിദേശത്തേക്കൊഴുകി. ഉൽപാദകർക്ക് അത് ഗുണം ചെയ്യും എന്ന കാര്യം മറച്ചുവെക്കുന്നില്ല. കഴിഞ്ഞയാഴ്ച അരി കയറ്റുമതി നിരോധിച്ച് ഉത്തരവിറക്കിയെങ്കിലും എത്രകണ്ട് നടപ്പാവുമെന്ന് പറയാനാവില്ല. കാരണം വിദേശ വ്യാപാരനയം ഇപ്പോൾ സ്വതന്ത്രമായി തീരുമാനിക്കാൻ നമുക്ക് അധികാരമില്ല. നമ്മുടെ മേലെയുള്ള ലോക വ്യാപാര സംഘടനക്ക് (ഡബ്ല്യു.ടി.ഒ) ആ അധികാരം എന്നോ കൈമാറിക്കഴിഞ്ഞു. അവർ കണ്ണുരുട്ടിയതുകൊണ്ടാവണം, വില വർധനക്കെതിരെ ഇനി കൂടുതൽ നടപടികൾ ഉണ്ടാവില്ലെന്ന് സർക്കാർ വ്യക്തമാക്കിയത്.

## മൂലധനശക്തികളുടെ കടന്നുകയറ്റം

ഭക്ഷ്യധാന്യ വിതരണത്തിൽനിന്നും സംഭരണത്തിൽനിന്നുമുള്ള സർക്കാറിന്റെ പിന്മാറ്റവും ഈ മേഖല കുത്തക മൂലധനശക്തികൾ കൈയടക്കിക്കൊണ്ടിരിക്കുന്നതും വിലക്കയറ്റത്തിന്റെ കാരണങ്ങളിൽ പ്രധാനമാണ്. കാർഷിക മേഖലയിൽ അവധി വ്യാപാരം കൂടി അനുവദിച്ചതോടെ കർഷകരിൽനിന്ന് ചുളുവിലയ്ക്ക് മുൻകൂറായി കച്ചവടമുറപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഒഴുകുന്നത് കുത്തകകളുടെ ഗോഡൗണുകളിലേക്കാണ്. അവധി വ്യാപാരത്തിലൂടെ പൂഴ്ത്തിവെപ്പും ഊഹക്കച്ചവടവും കരിഞ്ചന്തയും വ്യാപകമായതാണ് ഭക്ഷ്യധാന്യ വിലക്കയറ്റത്തിന് പ്രധാന കാരണം. അതോടെ ഉൽപന്ന വിലവർധനവിന്റെ ഗുണഫലം ഒരുപിടി കുത്തകകൾക്കും സമ്പന്നർക്കും ലഭിക്കുന്നു. വിൽക്കുന്ന കർഷകരും വാങ്ങുന്ന സാധാരണക്കാരനുമടങ്ങുന്ന ബഹുഭൂരിപക്ഷവും അതിന്റെ തിക്തഫലം അനുഭവിക്കുന്നു. ഈ കുത്തകകൾക്കെതിരെ ചെറുവിരലനക്കാൻ തയാറല്ലാത്ത സർക്കാർ നടപ്പാക്കുന്ന വില നിയന്ത്രണ നടപടികൾ കടലാസുപുലികൾ മാത്രമേ ആവൂ എന്ന് പറയേണ്ടതില്ലല്ലോ.

വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കണമെങ്കിൽ സമ്പദ്‌വ്യവസ്ഥ സർക്കാറിന്റെ പിടിത്തത്തിലാവണം. ഇവിടെയാകട്ടെ, സമാന്തര സമ്പദ്‌വ്യവസ്ഥയാണ് നാടിനെ നിയന്ത്രിക്കുന്നത്. സർക്കാറിന്റെ കണക്കിലുള്ളതിനേക്കാൾ കൂടുതൽ സാമ്പത്തിക ക്രയവിക്രയങ്ങൾ പുറത്തു നടക്കുന്നു. ഈ മേഖലയിലും ആധിപത്യം മാഫിയകൾക്കായതിനാൽ നടപടി അസാധ്യവുമാണ്. തദ്ഫലമായി കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, അമിത ലാഭം, ഊഹക്കച്ചവടം, ചൂഷണം, കള്ളപ്പണം എന്നിവ നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണം സർക്കാറിനില്ലാത്തിടത്തോളം പണപ്പെരുപ്പ നിയന്ത്രണം സാധ്യമേയല്ല.

വിലക്കയറ്റം ആഗോള പ്രതിഭാസമെന്ന് സമാധാനിച്ചിരിക്കാൻ സർക്കാറിന് കഴിയില്ല. ഉദാരീകരണ നയങ്ങൾ നടപ്പാക്കിയ എല്ലാ രാജ്യങ്ങളും ഒരേവിധം പ്രതിസന്ധിയിലാണ് എന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കണം. എന്നിട്ടും ഈ നയ

ങ്ങളിൽനിന്ന് പിറകോട്ടില്ലെന്നാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ, നവ ഉദാരീകൃത സമ്പദ്‌വ്യവസ്ഥ സൃഷ്ടിച്ച ഊഹക്കച്ചവടം, ചൂതാട്ടം, കള്ളപ്പണം, തുറന്ന വിപണി വ്യവസ്ഥ, സമാന്തര സമ്പദ്‌വ്യവസ്ഥ ഇവയെല്ലാമാണ് നമ്മുടെ പ്രതിസന്ധിയുടെ മൂലകാരണങ്ങൾ. സമൂഹത്തിൽ പത്തു ശതമാനം മാത്രം വരുന്ന സമ്പന്നർക്കും കുത്തകകൾക്കും മേനിയനങ്ങാതെ പണം സൃഷ്ടിക്കാനുള്ള എളുപ്പവഴികളാണിവയെല്ലാം. ഉൽപാദനപരമല്ലാത്ത രീതിയിൽ സൃഷ്ടിക്കപ്പെടുന്ന ഈ പണം ഉണ്ടാക്കുന്ന വിലക്കയറ്റത്തിലും പണപ്പെരുപ്പത്തിലും പെട്ട് 90 ശതമാനം വരുന്ന സാധാരണക്കാർ ചക്രശ്വാസം വലിക്കുകയാണ്. പലിശയും ഊഹക്കച്ചവടവും കടവും മേധാവിത്വം പുലർത്തുന്ന സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്ന സാമ്പത്തിക വളർച്ച വെറും കുമിളകളാണെന്ന് തിരിച്ചറിഞ്ഞാലേ പരിഹാരം സാധ്യമാവൂ.

### എന്താണ് പരിഹാരം?

രോഗം ഗുരുതരമാണെങ്കിൽ തൊലിപ്പുറമെയുള്ള ചികിത്സ ഫലം ചെയ്യില്ല. ലോകം നേരിടുന്ന മിക്ക സാമ്പത്തിക പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം പലിശ, ചൂതാട്ടം, ഊഹക്കച്ചവടം എന്നീ മൂന്ന് ക്രയവിക്രയങ്ങളാണ്. പലിശ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ ആവശ്യത്തിലധികം പണം സൃഷ്ടിച്ചുകൊണ്ടിരിക്കും. ഉൽപാദനം നടന്നാലും ഇല്ലെങ്കിലും മൂലധനത്തിന് നൽകേണ്ട നിശ്ചിത പ്രതിഫലമാണ് പലിശ. ഉൽപാദനത്തേക്കാൾ പണം വർധിക്കുന്നതിന് ഇത് കാരണമാവുന്നു. ഇതോടൊപ്പം മുതലാളിത്തത്തിന്റെ സഹജ സ്വഭാവമായ ആർത്തിയും കൂടിച്ചേരുമ്പോൾ കുറുക്കുവഴികളിൽ പണം കൂടുതൽ നേടാൻ സമ്പന്നൻ മത്സരിക്കുന്നു. അതുവഴി ഊഹക്കച്ചവടം വിപണിയുടെ അവിഭാജ്യ ഭാഗമായി മാറുന്നു. ഉൽപാദന വർധനവല്ല, ഊഹക്കച്ചവടത്തിലൂടെ അമിതമായി പണം സൃഷ്ടിക്കാനുള്ള ത്വരയാണ് സമ്പന്നനെ നയിക്കുക. തന്മൂലം ഉൽപാദനക്കുറവിനിടയിലും പണത്തിന്റെ അളവ് വർധിക്കുന്നു. റിസ്ക് കൂടിയ ഉൽപാദനത്തിനു പകരം ഊഹക്കച്ചവടങ്ങളിലും ലോട്ടറി പോലുള്ള ചൂതാട്ടങ്ങളിലും താൽപര്യം കൂടുന്നതോടെ ദരിദ്രരിൽനിന്നും സാധാരണക്കാരിൽനിന്നും പണം സമ്പന്നരിലേക്ക് ഒഴുകുകയും അസമത്വം വർധിക്കുകയും ചെയ്യുന്നു.

വ്യക്തികളുടെ ആർത്തിയല്ല, സമൂഹത്തിന്റെ പൊതുതാൽപര്യമാണ് ഉൽപാദനത്തെയും വിപണിയെയും നിയന്ത്രിക്കേണ്ടത്. ഇതാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ബദൽ സമ്പദ്ഘടനയുടെ കാതൽ. മൂല്യബോധമുള്ള ഒരു സമൂഹത്തിനും അവർ രൂപകൽപന ചെയ്യുന്ന സമ്പദ്‌വ്യവസ്ഥക്കും മാത്രമേ ഈ ദൗത്യം സഫലമാക്കാൻ കഴിയൂ. അതിന് കഴിഞ്ഞില്ലെങ്കിൽ, പ്രതിസന്ധികൾ ഒന്നിനു പിറകെ മറ്റൊന്നായി നമ്മെ വരിഞ്ഞുമുറുക്കും എന്ന കാര്യത്തിൽ ഒട്ടും സംശയം വേണ്ട. ■



**ഊഹക്കച്ചവടം കൊണ്ടു മാത്രമുണ്ടായ വർധന സാമ്പത്തിക വളർച്ചയായി വ്യാഖ്യാനിച്ചവർക്കാണ് തെറ്റുപറ്റിയത്. ഉൽപാദന വർധനവോ മൂല്യ വർധനവോ സംഭവിക്കാതെയുള്ള ഊതിപ്പെരുപ്പിച്ച വളർച്ചയാണ് പണപ്പെരുപ്പത്തിന്റെ അടിസ്ഥാന കാരണം. കുമിളകളുടെ മുകളിൽ കൊട്ടാരം പണിയാനിറങ്ങിയവർക്ക് കിട്ടുന്ന അനിവാര്യമായ തിരിച്ചടിയാണ് പണപ്പെരുപ്പം.**